## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 259** **28.11.2018-ൽ മറുപടിക്ക്**

**ആർദ്രം മിഷൻ - മഹാരാജാസ് ഗവ.താലൂക്ക് ആശുപത്രി**

**ചോദ്യം**

**ശ്രീ.ജോൺ ഫെർണാണ്ടസ്**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സമഗ്രവികസനത്തിനായി 2017-18, 2018-19 ബജറ്റുകളിൽ ഉൾക്കൊള്ളിച്ചിരുന്ന പശ്ചിമ കൊച്ചിയിലെ തീരദേശ ആശുപത്രിയായ മഹാരാജാസ് ഗവ.താലൂക്ക് ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | മഹാരാജാസ് ഗവ.താലൂക്ക് ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ 25.10.2018 ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിട്ടും സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | തീരദേശ മേഖലയായ പശ്ചിമ കൊച്ചിയിൽ മികവുള്ള ആശുപത്രിയുടെ അഭാവം കൊണ്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മാസ്റ്റർ പ്ലാൻ കിഫ്ബിയുടെ അംഗീകാരം നൽകുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി സമർപ്പിച്ച മഹാരാജാസ് ഗവ.താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**